61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 103

# തണുത്തുറഞ്ഞ ചില നോട്ടങ്ങൾ

ഞായറാഴ്ച്ച വൈകുന്നേരങ്ങളിൽ പതിവായി നടത്താറുള്ള ഷോപ്പിംഗിന് അയാൾ ഈ ഞായറാഴ്ചയും പോയിരുന്നു. എന്നാൽ പതിവിനു വിപരീതമായി അയാളാകെ ചിന്തയിൽ മുഴുകി നിശ്ചലമായി ഇരിക്കാൻ തുടങ്ങിയിട്ട് നേരം കുറെ കഴിഞ്ഞിരിക്കുന്നു. ഇളം മഞ്ഞ ഉടുപ്പിട്ട്, അലസമായി മുടിയഴിച്ചിട്ട, തന്നെ അന്നേരം തീക്ഷ്ണമായി തുറിച്ചു നോക്കിയ, ചാര നിറമുള്ള കണ്ണുകളുള്ള ആ പെൺകുട്ടി. അവളാരായിരുന്നു? ആ രൂപവും അത്രമാത്രം തണുത്തുറഞ്ഞ ആ നോട്ടവും അയാൾക്കു ~~വീണ്ടും വീണ്ടും~~ ചിന്തിച്ചു മുന്നിൽ കൗതുകം നിറഞ്ഞ ഒരു ചോദ്യചിഹ്നമായി നിലനിൽക്കുകയായിരുന്നു. പ്രത്യക്ഷത്തിൽ അപരിചിതമായ രൂപമെങ്കിലും ആ നോട്ടം എന്നോ കണ്ടുമറന്ന രണ്ട് കണ്ണുകളെ അനുസ്മരിപ്പിച്ചു. തന്റെ ചിന്തകൾ ആ പെൺകുട്ടിയിലൂടെ സഞ്ചരിച്ച് താരയിലെത്തി നിൽക്കുന്നതയാൾ അറിഞ്ഞു. തന്റെ കണ്ണുകളിൽ നിലനിന്നിരുന്ന കൗതുകവും സംശയങ്ങളും അസ്തമിച്ച് ഭയവും കുറ്റബോധവും ഉദിച്ചുയരാൻ തുടങ്ങിയപ്പോൾ അയാൾ ചിന്തകളിൽ നിന്ന് പുറത്ത് കടക്കാൻ ശ്രമിച്ചു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 103

അപ്പോഴേക്കും ചിന്തകൾക്കു മുകളിൽ ഓർമകൾ സ്ഥാനം പിടിച്ചിരുന്നു.

"താരാ...."

പുഞ്ചിരിച്ചു കൊണ്ട് തിരിഞ്ഞ് നോക്കിയ ചാര നിറമുള്ള കണ്ണുകളുള്ള ആ പെൺകുട്ടി പുരികങ്ങളുയർത്തികൊണ്ട് ചോദിച്ചു.

"എന്ത്?"

"ഞാൻ തന്റെ ഒരു ചിത്രം വരച്ചോട്ടെ?"

"എന്തിന്?" അപരിചിതനായ യുവാവിന്റെ ആ ചോദ്യത്തിൽ ചില സംശയങ്ങളും പേറി അവൾ ചോദിച്ചു.

"ഒരു മത്സരത്തിനാണ്. ഇഷ്ടമുള്ള ഒരു മനുഷ്യന്റെ പടം വരച്ച് അയക്കണം. ~~എനിക്കാണെങ്കിൽ~~ വരയ്ക്കേണ്ട മനുഷ്യന്റെ മുഖം തേടി നടക്കാൻ തുടങ്ങിട്ട് കുറേയായി. തന്നെ കണ്ടപ്പോൾ... എന്റെ ചിത്രമാക്കിയാൽ നന്നാവുമെന്നു തോന്നുന്നു."

അല്പനേരം ചിന്തിച്ച ശേഷം അവൾ തലകുലുക്കി.

അതൊരു പുതിയ സൗഹൃദത്തിന്റെ തുടക്കമായിരുന്നു.

മത്സരത്തിനുശേഷവും അയാൾ ആ മുഖം വീണ്ടും വീണ്ടും വരച്ചു. അവളുടെ ചിത്രങ്ങൾ പതിയെ പതിയെ അവരുടെതായി മാറി. സൗഹൃദമെന്ന മറ നീക്കിയവർ ~~അപ്പു~~ പ്രണയിക്കാനാരംഭിച്ചതും, വരയ്ക്കുമ്പോൾ അയാളുടെ ~~കയ്യ~~ ഇടം കൈയിൽ പിടിച്ചിരുന്ന കപ്പിൽ കാപ്പി മാറി മദ്യം വന്നതും ഏകദേശം

ഒരേ സമയത്തായിരുന്നു. അവിടവിടങ്ങളിലായി തറയിൽ തെറിച്ച് കിടക്കുന്ന പെയിന്റിനൊപ്പം സിഗരറ്റിന്റെ ചാരവും പലവിധം പൊടികളും സ്ഥാനം പിടിച്ചു. ഈ മാറ്റങ്ങളെല്ലാം അവളറിഞ്ഞിരുന്നു.

മദ്യലഹരിയിൽ നിലത്ത് ബോധം കെട്ടു കിടന്ന അയാളെ പലപ്പോഴും എഴുന്നേല്പിച്ചത് അവളായിരുന്നു. സായാഹ്നങ്ങളിൽ കാൻവാസിന് മുന്നിൽ ചുവന്ന കണ്ണുകളുമായി നിൽക്കുന്ന അയാളെ കണ്ട് അവൾ പലതരം ഗന്ധമുള്ള ആ വീട്ടിൽ നിന്ന് അവളിറങ്ങിയോടിയിട്ടുണ്ട്.

"അതുൽ. ഇത് കുറെ കാലമായി. ഇനി എനിക്ക് വയ്യ."

"എന്ത്?"

"തന്നെ സഹിക്കാൻ, തന്റെ നാശം കാണാൻ എനിക്കാഗ്രഹമില്ല."

"എന്നെ സഹിക്കേ? നീയെന്താ പറഞ്ഞുവരുന്നത്?"

"തന്റെ ബോധമില്ലാത്ത ചിത്രങ്ങളിൽ മുഖമാവാൻ എനിക്കിനി വയ്യ. മടുത്തു" അവൾ ഇറങ്ങി നടന്നു.

അയാൾക്കത് തന്റെ കലാഹൃദയത്തിനും ആത്മാഭിമാനത്തിനും മുകളിലേറ്റ വെട്ടായിരുന്നു. "തിരിച്ചു വെട്ടണം" തലയ്ക്കുള്ളിൽ ഓടി നടന്നു കൊണ്ടിരുന്നു. എന്തൊക്കെയോ ലഹരികൾ മന്ത്രിച്ചു.

അവളിറങ്ങി പോയ അതേ വഴിയിൽ കത്തിയുമെടുത്തയാൾ ഓടി.

കണ്ണിൽ നിന്ന് ഉറ്റിവീണ കണ്ണീർ തുടച്ച് കൊണ്ടയാൾ കാൻവാസിനടുത്തേക്ക് പോയി. അന്ന് തെരുവിൽ കണ്ട ആ കുട്ടിയെ വരയ്ക്കാൻ...

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ആ ചാരനിറമുള്ള കണ്ണുകൾ വരയ്ക്കാൻ ശ്രമിക്കുന്നതും അയാൾക്ക് താൻ അന്ന് ആ റോഡിൽ വെട്ടിയിട്ട താരയുടെ മുഖം ഓർമ വന്നു-കൊണ്ടേയിരുന്നു.

ചോരയൊലിക്കുന്ന കത്തിയുമായി അയാൾ രക്തത്തിൽ മുങ്ങിക്കിടക്കുന്ന അവളെ നോക്കി. തന്നോടു തന്നെ ചോദിച്ചു. അവൾ ആരായിരുന്നു? അല്പം പോലും ബോധമില്ലാത്ത അയാൾ അവൾ ആരെന്നറിയാതെ തന്റെ വീട്ടിലേക്ക് തന്നെ വന്നു കയറി. ~~ലഹ~~ ലഹരി ഉപേക്ഷിച്ച ശേഷമാണ് തന്റെ തെറ്റുകൾ കുറ്റബോധമായി അടിഞ്ഞുകൂടിയതും അത് തന്നിൽ കാൻസർ ആയി രൂപാന്തരം പ്രാപിച്ചതും. പിന്നീട് തന്റെ കാൻവാസിൽ ഒരായിരം മാപ്പുകൾ വിരിഞ്ഞു. തലകളിലൊക്കെയും നോവ് പടർന്നു. എല്ലാം മറന്ന് തുടങ്ങുകയായിരുന്നു, ഒരുവിധം! അപ്പോഴിതാ... അശ്രദ്ധമായി മുടിയഴിച്ചിട്ട, തണുത്ത നോട്ടമുള്ള ഈ കുട്ടി.

അവസാനമായി തന്നെ താര നോക്കിയ അതേ തണുപ്പോടെ!

പിന്നീടാ തണുപ്പിലാണ് അയാൾ വെന്തു മരിക്കാനായത്.

തണുത്തുറഞ്ഞ ആ നോട്ടം കാൻവാസിൽ പതിപ്പിച്ചതും അയാൾ അതിലേക്ക് തുറിച്ചു നോക്കിക്കൊണ്ടിരുന്നു.

പെട്ടന്നെന്തോ തോന്നിയതുപോലെ ചാവിയെടുത്തയാൾ പുറത്തിറങ്ങി.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

# 61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 103

[illegible] രാത്രിമയക്കങ്ങളാൽ അനാഥമായ ആ തെരുവിലൂടെ അയാൾ തനിയെ സഞ്ചരിച്ചുകൊണ്ടിരുന്നു. അയാളവിടെ തന്നെ തന്നെ കാണുകയായിരുന്നു. കത്തിയെടുത്തവളുടെ പിന്നാലെയോടുന്ന തന്നെ. ഒരു ദയാദാക്ഷിണ്യവുമില്ലാതെ പരുഷമായി അവളിലേക്കത് ഇറങ്ങി കയറിത്, അവളുടെ ആ തണുത്തുറഞ്ഞ നോട്ടം! പെട്ടെന്ന് വണ്ടിയുടെ മുന്നിൽ "ആ കുട്ടി!" - 'എവിടെ? അവളെവിടെ?" സമനിലതെറ്റിയ മനുഷ്യനെ പോലെ അയാൾ അന്വേഷിച്ചുകൊണ്ടിരുന്നു. വഴിയിൽ വീണുകിടക്കുന്ന തന്റെ വാഹനത്തെ ഗൗനിക്കാതെ അയാൾ തിരിച്ച് നടന്നു. തന്റെ വീടിന്റെ ഗേറ്റ് തന്റെ പിന്നിലായതറിയാതെ. അയാൾ അയാളോടായി ചോദിച്ചു.

"അവൾ ആരായിരുന്നു?"

[illegible] തന്റെ അശാന്തി നിറഞ്ഞ മുഖം ശാന്തമാവുന്നതറിഞ്ഞ് ആരോടെന്നില്ലാതെ പുഞ്ചിരിച്ച് കൊണ്ടയാൾ നടന്നു. അയാൾ നടന്നു നീങ്ങിയിരുന്നത് തന്റെ വീട്ടിലേക്കോ, ഓർമകളിലേക്കോ, ചിന്തകളിലേക്കോ ആയിരുന്നില്ല. ആർക്കുമറിയാത്ത എങ്ങോ രഹസ്യമറിഞ്ഞ നോട്ടങ്ങളിലേക്കെയും തണുപ്പ് പടർന്ന ആ മനുഷ്യൻ നിലാവിലൂടെ കണ്ണു ചിമ്മുന്ന താരങ്ങൾക്കിടയിലൂടെ ശാന്തനായി നടന്നു.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 – 7 കോഴിക്കോട്

Item Code: 950 Participant Code: 103

അന്നേരം ശാന്തമായ ആ മുഖത്ത് ഇളം കാറ്റ് വീശി
കാൻവാസിൽ പാതിവരച്ചുവെച്ച ചിത്രവും, തന്നെ തുറിച്ച്
നോക്കിയ ആ പെൺകുട്ടിയെയും, തന്റെ താരയെയും
അയാൾ മറന്ന് പോയിരുന്നു.

ശാന്തമായ മുഖത്തോടെ അയാൾ ചിന്തിച്ചു.

"ഞാൻ ആരായിരുന്നു?"....

ചില തണുത്ത നോട്ടങ്ങളയാളെ പിന്തുടരുന്നതായി തോന്നി-
അതേ തണുപ്പോടെ തിരിച്ചു നോക്കിക്കൊണ്ടയാൾ നടന്നു.
മുന്നിലേക്ക്...

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)